**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3113** **13-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ കായൽ ടൂറിസം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡാനന്തരം ഹൗസ് ബോട്ടുടമകളും തൊഴിലാളികളും അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 'കോവിഡ് 19' മഹാമാരി മൂലം ഹൗസ് ബോട്ട് വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കായി പ്രത്യേക ധനസഹായ പദ്ധതി നടപ്പാക്കിയിരുന്നു. വിവിധതരം ഹൗസ് ബോട്ടുകൾക്ക് 80,000 രൂപ മുതൽ 1.20 ലക്ഷം രൂപ വരെയാണ് ഈ പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ ഹൗസ് ബോട്ട് മേഖലയിലടക്കം പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി രണ്ട് പ്രത്യേക വായ്പാ പദ്ധതികളും നടപ്പാക്കി. കേരള ബാങ്ക് മുഖേനയുള്ള എംപ്ലോയീസ് ലോൺ അസിസ്റ്റൻസ്, റിവോൾവിങ് ഫണ്ട് വായ്പാ പദ്ധതി. കൂടാതെ തൊഴിലാളികൾക്കു 30,000 രൂപ വരെ വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഹൗസ് ബോട്ട് വ്യവസായം വിപുലീകരിക്കാൻ എന്തെല്ലാം പുതിയ സഹായങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഹൗസ് ബോട്ടുകളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള ക്ലാസിഫിക്കേഷൻ പദ്ധതി പുനഃരാരംഭിച്ചിട്ടുണ്ട്. ഒപ്പം സഞ്ചാരികൾക്കിടയിൽ ഹൗസ് ബോട്ട് യാത്ര പ്രചരിപ്പിക്കാനുള്ള മാർക്കറ്റിങ് ക്യാംപെയ്നും നടപ്പാക്കുന്നുണ്ട്. ഈ മേഖലയിൽ ശക്തമായ വിപണന പ്രവർത്തനങ്ങളിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനും ശ്രമങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ